**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52** — **29.01.2019-ൽ മറുപടിക്ക്**

## ടൂറിസം മേഖലയുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. മുകേഷ്<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന വിനോദ സഞ്ചാര പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ദ്രുതഗതിയിൽ നിർമ്മാണ പ്രവർത്തികൾ നടത്തി വരുന്നുണ്ട്. ഇവ വിവിധ ഘട്ടങ്ങളിലാണ്.<br>• ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതികളുടെയും സൂക്ഷ്മമായ അവലോകനം ജില്ല തിരിച്ച് ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും, സെക്രട്ടറി തലത്തിലും, വകുപ്പ് ഡയറക്ടർ തലത്തിലും നടത്തി വരുന്നു.<br>• ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ ചെയർമാനായി 16.5.2017 ലെ ജി.ഒ.(ആർ.ടി) നം.232/2017/ടൂറിസം ഉത്തരവ് പ്രകാരം അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ കാലാകാലം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങളും നിർമ്മാണ പുരോഗതിയും വിലയിരുത്തി തുടർ നടപടി സ്വീകരിച്ചു വരുന്നു. |

- ഓരോ മൂന്നു മാസത്തിലൊരിക്കൽ ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും, പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും, പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശ ങ്ങൾ നൽകുന്നു. വിനോദ സഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വില യിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തി യാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്ന തിനായി വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എൻജിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്.
- അതാത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.
- വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും, സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ ഡെസ്റ്റിനേഷൻ മാനേജർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.
- 14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം

ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു.

ബി) ടൂറിസം വികസന പ്രക്രിയയിൽ പ്രദേശവാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ, പെപ്പർ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

ബി) ടൂറിസം വികസനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് കേരള ടൂറിസം വകുപ്പ് സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ടൂറിസം പദ്ധതിയാണ് പെപ്പർ. ഇൻഡ്യയിൽ ആദ്യമായി നടപ്പാക്കുന്ന ജനപങ്കാളിത്ത ടൂറിസം വികസന പദ്ധതിയാണ് പെപ്പർ. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പങ്കാളിത്ത ടൂറിസം ആസൂത്രണ പ്രക്രിയയാണ് ഇത്. 2017-18 ൽ ആദ്യമായി കേരളത്തിൽ നടപ്പിലാക്കിയത് കോട്ടയം ജില്ലയിലെ വൈക്കത്താണ്. ആദ്യഘട്ടത്തിൽ വൈക്കം മുനിസിപ്പാലിറ്റി, ചെമ്പ്, മറവന്തുരുത്ത്, ഉദയനാപുരം, ടി.വി. പുരം, വെച്ചൂർ, തലയാഴം, കല്ലറ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്. രണ്ടാം ഘട്ടത്തിൽ തലയോലപറമ്പ്, വെള്ളൂർ പഞ്ചായത്തുകളും പദ്ധതിയുടെ ഭാഗമാകും. ടൂറിസം മേഖലയിൽ കേരളം സൃഷ്ടിച്ച ജനകീയ മാതൃകകളിൽ ഏറ്റവും പുരോഗമനപരമായ ചുവടു വെയ്പാണ് പെപ്പർ ടൂറിസം പദ്ധതി. നടപ്പ് സാമ്പത്തിക വർഷത്തിൽ രണ്ടാം ഘട്ടമായി തലയോലപറമ്പ്, വെള്ളൂർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല, കള്ളിക്കാട്, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, എറണാകുളം ജില്ലയിലെ ആമ്പല്ലൂർ, തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം, ആതിരപ്പിള്ളി എന്നീ സ്ഥലങ്ങളിലും പെപ്പർ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇവയിൽ കാന്തല്ലൂർ ഒഴികെയുള്ള പ്രദേശങ്ങളിൽ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ നടന്നു. റിസോഴ്സ് മാപ്പിംഗ് നടന്നു വരുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ പെടുന്ന 6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ പൊന്നാനി മുനിസിപ്പാലിറ്റി, മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ്,

ആരംകോട്, നന്നംമുക്ക് എന്നീ സ്ഥലങ്ങളിൽ പെപ്പർ ടൂറിസം പദ്ധതി തുടങ്ങാൻ നടപടിയായിട്ടുണ്ട്. ഇവയിൽ പൊന്നാനി മുനിസിപ്പാലിറ്റി ഒഴികെ ബാക്കിയുള്ള പ്രദേശങ്ങളിൽ സ്പെഷ്യൽ ടൂറിസം ഗ്രാമസഭയും, റിസോഴ്സ് മാപ്പിംഗും നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സി) ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പരിസ്ഥിതി സൗഹൃദപരവുമായ വികസനത്തിനു വേണ്ടിയുള്ള ടൂറിസം മാസ്റ്റർ പ്ലാനുകൾ നടപ്പിലാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിനോദസഞ്ചാര സാധ്യതയുള്ള പ്രധാന മേഖലകളെ ഉൾപ്പെടുത്തിയാണ് വകുപ്പ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇതിലൂടെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പരിസ്ഥിതി സൗഹൃദപരവുമായ വികസനത്തിനു വേണ്ടിയുള്ള ആദ്യപടിയെന്ന നിലയിൽ മാസ്റ്റർ പ്ലാനിനെ കണക്കാക്കാം. താഴെപ്പറയുന്ന മാസ്റ്റർ പ്ലാനുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

1. കോവളം - പൂവ്വാർ ടൂറിസം കോറിഡോർ
2. അഡ്വാൻസ് വിഷൻ & ഡെവലപ്മെന്റ് പ്ലാൻ ഫോർ കുമരകം.
3. ഡെവലപ്മെന്റ് പ്ലാൻ ഫോർ തേക്കടി & സറൗണ്ടിംഗ്
4. പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ ഫോർ മൂന്നാർ സ്പെഷ്യൽ ടൂറിസം സോൺ

ടൂറിസം വകുപ്പ് തയ്യാറാക്കി വരുന്ന മാസ്റ്റർ പ്ലാനുകളുടെ വിവരം സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

MASTER PLAN

| Sl.No | Name of the Mater Plan | GO No. | Amount as per GO (Rs) | Agency | Date of Awarding the work | Schedule date of Completion as per Agreement | Amount released As on 31.03.2018 | Status of the preparation of Master Plan |
|---|---|---|---|---|---|---|---|---|
| 1 | Preparation of 30 years Advance Vision and Development Plan for Kovalam-Poovar Tourism Corridor | GO(Rt) No. 2467/13/TSM dated 27/03/2013 .61,51,710 | 61,51,710 | M/s Fortress Infrastructure Advisory Servies | 18 May 2013 | 6 months | 46,14,000 | Draft Final master plan submitted Government on 17.11.2015 |
| 2 | Preparation of Master Plan for Golden Valley in ThiruvananthapuramDistrict | GO(Rt) No. 5134/2013/TSM Dated 24/06/2014 | 44,00,000 | M/s Tata Consultancy Services | 5th November 2014 | 6 months | 5,95,577 | Not submitted to Government |
| 3 | Preparation of Master Plan for Ashtamudi in Kollam District | GO(Rt) No. 5152/2013/TSM Dated 24/06/2013 | 38,00,000 | IL&FS Environmental *Infrastructure & Services Ltd* | 25 October 2014 | 6 months | 26,09,474 | Not submitted to Government |
| 4 | Preparation of 30 years Advance Vision and Development Plan for Kumarakom in Kottayam District | . GO(Rt) No. 2466/2013/TSM Dated 27/03/2013 | 59,26,990 | M/s Fortress Infrastructure Advisory Servies | 18 May 2013 | 6 months | 40,99,725 | Draft Final master plan submitted Government on 17.09.2015 |
| | Preparation of 30 years | GO(Rt) No. 6661/2012/TSM | 25,00,000 | IL&FS Environmental | 15 May | 6 months | 19,32,111 | Draft Final master plan |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | Advance Vision and Development Plan for Thekkady and its surroundings | Dated 04/08/2012 | | *Infrastructure & Services Ltd* | 2013 | | | submitted Government on 13.01.2014 |
| 6 | Preparation of 30 years Advance Vision and Development Plan for Fort Kochi in Ernakulam District | GO(Rt) No. 2468/2013/TSM Dated 27/03/2013 | 55,89,910 | M/s Stantec Consulting Pvt | 12 September 2013 | 6 months | 50,31,429 | Approved as per GO(Rt)No.49/2016/TSM DATED.25.01.2016 |
| 7 | Preparation of Master Plan for Kalady-Malayattoor-Athirappally Tourism Circuit | GO(Rt) No. 5133/2013/TSM Dated 24/06/2013 | 44,00,000 | M/s GITPAC International | 25 October 2014 | 6 Months | 30,83,838 | Draft Final master plan submitted Government on 12.01.2018 |
| 8 | Preparation of Master Plan for Munnar Special Tourism Zone- | GO(Rt) No. 96/2008/TSM Dated 31/01/2008 | Rs. 78,93,290 | M/s Consulting Engineering Service (India) Private Limited | 28.03.2008 | 7 MONTHS | | Draft Final master plan submitted Government on 25.05.2010 |

Sandhya
സെക്ഷൻ ഓഫീസർ